# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ഓഗസ്റ്റ് 12, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി**

**<u>വൈദ്യുതി ബോർഡിന് കിട്ടാനുള്ള കുടിശ്ശിക</u>**

*451 **ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ . എൻ . ഷംസുദീൻ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വരുമാനക്കുറവ് നികത്താൻ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് പകരം കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ ക്രിയാത്മകമായ മറ്റ് നടപടികളെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

**<u>വിദ്യാശ്രീ പദ്ധതി</u>**

*452 **ശ്രീ സി ആർ മഹേഷ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാശ്രീ പദ്ധതി മുഖേന നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പ് പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ അടച്ച തുക ആവശ്യപ്പെടുന്ന പക്ഷം തിരിച്ച് നല്കാൻ കെ. എസ്. എഫ്. ഇ. തയ്യാറാകുമോ;

(ബി) ലാപ്ടോപ്പ് പ്രവർത്തനരഹിതമായിട്ടും തവണ മുടക്കിയാൽ പിഴപ്പലിശ ഈടാക്കുമെന്ന അറിയിപ്പ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരവധി തവണ മാറ്റി നൽകിയ ലാപ്ടോപ്പുകൾ പോലും പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം</u>**

*453 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കിൻഫ്ര പൂർത്തിയാക്കിയിട്ടുള്ളതും പുതുതായി നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) കണ്ണൂർ എയർപോർട്ടിന്റെ സൗകര്യം വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടെ മട്ടന്നൂരിൽ വിവിധോദ്ദേശ്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) കർഷകരുടെ താല്പര്യംകൂടി പരിരക്ഷിക്കുന്നതിനായി സംയോജിത റൈസ് പാർക്കുകൾ സ്ഥാപിക്കാൻ കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

**<u>നാനോ വ്യവസായ സംരംഭങ്ങൾ</u>**

*454 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നാനോ വ്യവസായ സംരംഭങ്ങളുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടും പരിഗണിക്കുമ്പോൾ നാനോ വ്യവസായ സംരംഭകത്വത്തിന് എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നാനോ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന്

അറിയിക്കുമോ;

(ഡി) നാനോ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റ് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

## വ്യവസായങ്ങൾക്ക് നക്ഷത്ര പദവി

*455 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ ഉത്തരവാദിത്തം തുടങ്ങിയവയ്ക്കുകൂടി പ്രാധാന്യം നൽകുന്ന ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്ക് നാശം സൃഷ്ടിക്കാത്തതും തൊഴിലാളി സൗഹൃദം പുലർത്തുന്നതും ജനങ്ങളുടെ ക്ഷേമം പരിഗണിക്കുന്നതുമായ ഇത്തരം വ്യവസായങ്ങൾക്ക് നക്ഷത്ര പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തിന്റെ മികച്ച അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിലന്തരീക്ഷവും ബോധ്യപ്പെടുത്തി വ്യവസായങ്ങളെ ആകർഷിക്കാൻ വ്യവസായ വകുപ്പിന് പരിപാടിയുണ്ടോ; വിശദമാക്കാമോ?

## തോട്ടം മേഖലയുടെ സമഗ്ര പുരോഗതി

*456 **ശ്രീ. എ. രാജ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ വാണിജ്യ കരാറുകളിൽ ഏർപ്പെട്ടത് സംസ്ഥാനത്തെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽ സർക്കാർ നടപ്പാക്കുന്ന ആശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം വ്യവസായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്ലാന്റേഷൻ ഡയറക്ടറേറ്റിനെ വ്യവസായ വകുപ്പിന് കീഴിലാക്കിയിട്ടുണ്ടോ;

(സി) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം തോട്ടം വ്യവസായത്തിനും നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അടഞ്ഞ് കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ

*457 **ശ്രീ എം രാജഗോപാലൻ**
**ശ്രീ എം മുകേഷ്**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ ആകെ ബിസിനസ് എത്രയെന്ന് അറിയിക്കാമോ; ആയത് മൂന്ന് കൊല്ലം കൊണ്ട് മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ആധുനികീകരണത്തിനും നവീകരണത്തിനും ശേഷവും കേരള ബാങ്ക് മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി ഇടപാടുകാരന്റെ സ്ഥാപനം എന്ന നിലയിൽ നിലവിലുള്ള ജനകീയത നിലനിർത്തുമെന്ന് ഉറപ്പാക്കുമോ;

(സി) കൊവിഡ് അതിജീവനത്തിനായി സർക്കാർ പുതുതായി പ്രഖ്യാപിച്ച തൊഴിൽ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനും കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ബാങ്കിന് പദ്ധതിയുണ്ടോ;

(ഡി) തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരം, കാർഷികോല്പന്നാധിഷ്ഠിത മൂല്യ വർദ്ധിത വ്യവസായം തുടങ്ങിയ മേഖലകളിൽ കൂടുതൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

## ഒരു വില്ലേജ് ഒരു സംരംഭം പദ്ധതി

*458 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഗ്രാമത്തിലും ഒരു വ്യവസായ സംരംഭമെങ്കിലും ആരംഭിക്കുന്നതിന് സഹായമേകുക എന്ന ലക്ഷ്യത്തോടെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഒരു വില്ലേജ് ഒരു സംരംഭം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഖാദി മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രസ്തുത ബോർഡ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഖാദി ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനും ഖാദി വ്യവസായത്തിന്റെ നവീകരണത്തിനും നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ?

## സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതി

*459 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ എം വിൻസെന്റ്**

**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെ തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതിക്ക് ആലോചിക്കുന്നുണ്ടോ;

(ബി) വായ്പ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ;

(സി) ക്രിമിനൽ സ്വഭാവമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

## <u>സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വിതരണം</u>

*460 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖല സ്ഥാപനങ്ങളുടെ പെൻഷൻ വിതരണം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സഹകരണ ബാങ്കുകൾ മുഖേനയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ പെൻഷൻ സഹകരണ ബാങ്കുകൾ വഴി എന്ന് മുതൽ നൽകി തുടങ്ങി എന്ന് അറിയിക്കുമോ;

(സി) കിടപ്പുരോഗികളും ഗുരുതരമായ രോഗം ബാധിച്ചവരും ബാങ്കിൽ നേരിട്ടെത്തി പെൻഷൻ വാങ്ങുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് എ. ടി. എം. സൗകര്യമോ ചെക്ക് ലീഫോ ഉപയോഗിച്ച് പെൻഷൻ തുക പിൻവലിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

## <u>വ്യവസായ ആവശ്യത്തിന് പാട്ടഭൂമി</u>

*461 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ വി ജോയി**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ആവശ്യത്തിന് ഭൂമി പാട്ടത്തിനു നൽകുന്നതു സംബന്ധിച്ച് ഏകീകൃത നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

*462 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ തിരഞ്ഞെടുത്തിരുന്നോ; വിശദമാക്കാമോ; എങ്കിൽ ഈ കരാർ ടെണ്ടർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

*463 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സാധ്യതയ്ക്കനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ;

(ബി) സൗരോർജ്ജ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ കേരള മിഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം പരിശീലന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിനും അവയുടെ പ്രചരണത്തിനും സൗരോർജ്ജ ഉല്പന്നങ്ങളുടെ നിർമ്മാണ, വിപണനത്തിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ എന്നറിയിക്കാമോ?

## വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ

*464 **ശ്രീ. എം. എം. മണി**
**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഉല്പന്നങ്ങൾക്ക് സുസ്ഥിര വിപണി കണ്ടെത്തുക എന്നത് ആയതിനാൽ ഇത്തരം വ്യവസായങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും വേണ്ടി കഴിഞ്ഞ സർക്കാർ ആരംഭിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ;

(ബി) കേരള ഇ-മാർക്കറ്റ് എന്ന പേരിൽ ആരംഭിച്ച ബിസിനസ് ടു ബിസിനസ് വെബ് പോർട്ടലിന്റെ പ്രവർത്തന ഫലം വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കായി കൊച്ചിയിൽ സ്ഥിരം അന്താരാഷ്ട്ര പ്രദർശന, വിപണന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി റീട്ടെയിൽ വ്യാപാരികളെ കൂടി വാണിജ്യ മിഷന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

## <u>വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

*465 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം മുകേഷ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സമ്പൂർണ വൈദ്യുതീകരണമെന്ന ലക്ഷ്യം കൈവരിച്ചതിന്റെ തുടർച്ചയായി ആവശ്യമുള്ള വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കൃഷിക്കും വ്യവസായത്തിനും സഹായകരമാവുന്ന പ്രത്യേക പദ്ധതികൾ വകുപ്പ് ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വൈദ്യുതി മേഖലയിൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുന്ന നടപടികൾ ഏതെല്ലാം വിധത്തിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് വ്യക്തമാക്കാമോ?

## <u>കൈത്തറി മേഖലയുടെ പരിഷ്കരണം</u>

*466 **ശ്രീ വി ശശി**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഉല്പാദന രീതികളുടെ നവീകരണവും ഉല്പന്ന വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് ആധുനിക ഡിസൈനിൽ തുണി ഉത്പാദിപ്പിച്ച്

വിതരണം ചെയ്യുന്നതിനായി കൈത്തറി സുരക്ഷ എന്ന പദ്ധതി ഹാൻടെക്സ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കൈത്തറി മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണത്തിൽ സഹകരണമേഖലയുടെ ഇടപെടൽ</u>**

*467 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് തകർത്ത സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനും പ്രളയ നാശം അതിജീവിക്കുന്നതിനുമായി സഹകരണമേഖല ഇപ്രാവശ്യത്തെ സഹകരണ ദിന സന്ദേശമായ 'ഒരുമിച്ച നിന്ന് മികവാർന്ന പുനർനിർമാണം' അന്വർത്ഥമാക്കുന്ന തരത്തിൽ നടത്തിയ ഇടപെടലുകൾ വിശദീകരിക്കുമോ;

(ബി) നെൽകൃഷി, ഹൈടെക് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പട്ടികജാതി പട്ടികവർഗ സംഘങ്ങൾ, വനിത സംഘങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന നിക്ഷേപം കാർഷിക, വ്യവസായ, സേവന മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുന്നതിനായി വിനിയോഗിച്ച് വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ?

**<u>വൈദ്യുത അപകടങ്ങൾ തടയാൻ പദ്ധതി</u>**

*468 **ഡോ. എം.കെ . മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല അപകടങ്ങളും മരണ കാരണമാകുന്നതിനാൽ വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വൈദ്യുത ഉപകരണം പ്രവർത്തിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാക്രമീകരണങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്താൻ നടപടി

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം</u>**

*469 **ശ്രീ. എം.വിജിൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.വി.അൻവർ**
**ഡോ സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി നടത്തുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി ലഭിച്ച പരാതികൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

**<u>കൊവിഡ് മൂന്നാം പാക്കേജ്</u>**

*470 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് സ്തംഭനാവസ്ഥയിലാക്കിയ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ പ്രഖ്യാപിച്ച അയ്യായിരത്തി അറുനൂറ്റിയൻപത് കോടി രൂപയുടെ മൂന്നാം പാക്കേജ് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക ഉത്തേജനത്തിന് വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കൊവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടാനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഒന്നും രണ്ടും പാക്കേജുകൾ സാമ്പത്തികോത്തേജനത്തിന് എത്ര മാത്രം ഗുണം ചെയ്തെന്ന് വിലയിരുത്തിയിരുന്നോ എന്ന് അറിയിക്കുമോ;

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ സംസ്ഥാന സർക്കാരിന് കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടൽ ജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

**<u>സഹകരണ ബാങ്കുകളിൽ ഓഡിറ്റിംഗ്</u>**

*471 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിദഗ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് സംവിധാനം ശക്തമാക്കണമെന്ന ബാങ്കിംഗ് വിദഗ്ധരുടെ ആവശ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന നിലവിലെ രീതി വിശദീകരിക്കാമോ; കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇതിന് മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വസ്തുവിന്റെ മൂല്യം നോക്കി വായ്പ നൽകുന്നതിന് പകരം വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാധ്യതകളും പരിശോധിച്ച് വായ്പ നൽകാനുള്ള രീതി അവലംബിക്കാൻ തയ്യാറാകുമോ?

**<u>നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ</u>**

*472 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി കൃത്യമായി ഖജനാവിൽ തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നികുതി ഭരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ജി. എസ്. ടി. രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിനും അതിർത്തി ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇ-വേ ബിൽ നിർബന്ധമാക്കിയത് കാര്യക്ഷമമായിട്ടുണ്ടോയെന്ന് പരിശോധന നടത്താനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കാമോ?

**<u>കോവിഡ് പ്രതിസന്ധി മറികടക്കാൻ പാക്കേജ്</u>**

*473 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മറികടക്കാൻ അയ്യായിരത്തി

അറുനൂറ്റിയൻപത് കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് അയ്യായിരത്തി അറുനൂറ്റിയൻപത് കോടി രൂപയുടെ ബാധ്യതയുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യഥാർത്ഥ ബാധ്യത വിശദമാക്കാമോ;

(സി) ചെറുകിട വ്യാപാരികൾക്കായി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജിന്റെ ഭാഗമായി സർക്കാരിന് പരമാവധി നാൽപത് കോടി രൂപയുടെ ബാധ്യത മാത്രമേ വരുകയുള്ളൂ എന്നത് വസ്തുതയാണോ;

(ഡി) സർക്കാർ നൽകിവരുന്ന സാമൂഹ്യ പെൻഷൻ തുക പാക്കേജിന്റെ ഭാഗമാകുന്നത് എങ്ങിനെ എന്ന് വ്യക്തമാക്കാമോ?

## <u>രജിസ്ട്രേഷൻ നടപടികൾക്ക് സോഫ്റ്റ് വെയർ</u>

*474 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിരലടയാളം ഉപയോഗപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുന്നതിനും ആധാരങ്ങളുടെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനും പര്യാപ്തമായ സോഫ്റ്റ് വെയർ സംവിധാനം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സോഫ്റ്റ് വെയറിന്റെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>സഹകരണത്തെ പൊതുപട്ടികയിലേക്ക് മാറ്റാനുള്ള കേന്ദ്ര നീക്കം</u>

*475 **ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണം സംസ്ഥാന വിഷയമാണെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സഹകരണത്തെ പൊതു പട്ടികയിലേക്ക് മാറ്റാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## <u>കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി</u>

*476 **ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വിറ്റുപോയ ഓട്ടോറിക്ഷകളുടെ ബാറ്ററികൾ പ്രവർത്തിക്കുന്നില്ലെന്ന കാരണത്താൽ വിതരണക്കാർ ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഇ-ഓട്ടോ പ്രവർത്തിക്കാത്തത് മൂലം പ്രതിസന്ധിയിലായ ഡീലർഷിപ്പുക്കാർക്കുണ്ടായ നഷ്ടം നികത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ;

(ഡി) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ വിദേശരാജ്യങ്ങളിലേക്ക് ഇതിനോടകം കയറ്റി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാർഷിക സഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ്

*477 **ശ്രീ പി എസ് സുപാൽ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഡിജിറ്റൽ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ് വെയർ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ലാത്ത സംഘങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഐ. സി. ഡി. പ്രോജക്റ്റിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വ്യവസായ പുനരുജ്ജീവന പാക്കേജ്

*478 **ഡോ.കെ.ടി.ജലീൽ**
**ശ്രീ വി ജോയി**
**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ, ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച ആയിരത്തി നാനൂറ്റി പതിനാറ് കോടി രൂപയുടെ പ്രത്യേക പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ; മുൻഗണനാ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി.യിൽ നിന്ന് വായ്പയെടുത്ത് സംരംഭങ്ങൾ നടത്തിയവർക്ക് ആശ്വാസ പദ്ധതിയുണ്ടോ;

(സി) കൊവിഡിനെത്തുടർന്ന് ഇരുപതിനായിരത്തോളം വ്യാപാരികൾ കച്ചവടം അവസാനിപ്പിക്കാൻ നിർബന്ധിതരായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കാൻ കഴിയുമോ എന്നു പരിശോധിക്കുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി</u>

*479 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി മാറ്റുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>സഹകരണ സംഘങ്ങളുടെ പ്രവർത്തന മികവിന് ആദരവ്</u>

*480 **ശ്രീ. പി.പി. സുമോദ്**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂല സാഹചര്യത്തെ അതിജീവിച്ച് പ്രവർത്തിച്ച സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അവാർഡിന്റെ പരിഗണന വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഏതെല്ലാം വിഭാഗങ്ങളിലുള്ള സംഘങ്ങൾക്കാണ് അവാർഡ് പ്രഖ്യാപിച്ചതെന്നും

വ്യക്തമാക്കുമോ;

(സി) സഹകരണമേഖലയിൽ മികച്ച സംഭാവനകൾ നൽകിയ സഹകാരികൾക്കും ഉദ്യോഗസ്ഥർക്കും ഈ വർഷം മുതൽ അവാർഡ് നൽകി ആദരിക്കാൻ പദ്ധതിയുണ്ടോ;

(ഡി) കൊവിഡ് പ്രതിരോധത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചവർക്കും പുത്തൻ ആശയം നടപ്പാക്കുന്നവർക്കും പ്രത്യേക പുരസ്കാരം നൽകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2021 ഓഗസ്റ്റ് 4, ബുധൻ
എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].